ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പോലീസ് കോൺസ്റ്റബിൾ (എം.എസ്.പി.) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

76 (4511) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾ (എം. എസ്. പി.) റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്രപേർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട് ;

(സി) ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ; എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) ട്രെയിനിംഗ് നൽകുന്നതിനുള്ള അസൗകര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇപ്പോൾ എത്ര ട്രെയിനിംഗ് സെന്ററുകൾ ഒഴിഞ്ഞുകിടക്കുന്നു ;

(എഫ്) എം.എസ്.പി.യിലേക്ക് എത്രപേരെ നിയമിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഒഴിവുകളിൽ പൂർണ്ണമായും നിയമനം നടത്താനും അവർക്ക് പരിശീലനം നൽകാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 460 പേരെ അഡ്വൈസ് ചെയ്തു. അതിൽ 244 പേരുടെ ട്രെയിനിംഗ് ഇപ്പോൾ നടന്നുവരുന്നു. കൂടാതെ 160 പേരുടെ മെഡിക്കൽ ടെസ്റ്റ് ഈ മാസാവസാനത്തോടെ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) 244 പേർക്ക് ട്രെയിനിംഗ് നടന്നുവരുന്നു.

(സി) ഇപ്പോൾ 222 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 160 പേർക്ക് ഈ മാസാവസാനത്തോടുകൂടി മെഡിക്കൽ ടെസ്റ്റ് നടത്തുവാനും ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ മാസാവസാനത്തോടുകൂടി 160 പേർക്ക് മെഡിക്കൽ ടെസ്റ്റ് നടത്തുകയും അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ മാസാവസാനം മെഡിക്കൽ ടെസ്റ്റ് നടത്തുന്ന 160 പേർക്കായി അരിക്കോട് ക്യാമ്പ് നീക്കിവച്ചിട്ടുണ്ട്. കൂടാതെ മേൽമുറി ക്യാമ്പ് ഒഴിഞ്ഞു കിടക്കുന്നു.

(എഫ്) ഇപ്പോൾ എം.എസ്.പി.യിൽ നിലവിലുള്ള 222 ഒഴിവുകളിലേക്ക് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ജി) നടപടി സ്വീകരിച്ചു വരുന്നു.

കെ.എ.പി. കണ്ണൂർ ജില്ലാ റാങ്ക് ലിസ്റ്റ്

77 (4512) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി.എസ്.സി.യുടെ പോലീസ് കോൺസ്റ്റബിൾ കെ.എ.പി. കണ്ണൂർ ജില്ലാ റാങ്ക് ലിസ്റ്റ് എപ്പോൾ നിലവിൽ വന്നു ;

(ബി) ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എ.പി. കണ്ണൂർ ബറ്റാലിയനിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഇത് നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 15-7-2002-ൽ.

(ബി) ലിസ്റ്റിൽ നിന്നും 102 പേരെ ശുപാർശ ചെയ്യുകയും, മെഡിക്കൽ ടെസ്റ്റും വെരിഫിക്കേഷനും കഴിഞ്ഞ് 96 പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തതിൽ 83 പേർ 14-3-2003-ൽ ആരംഭിച്ച ട്രെയിനിംഗിൽ ഹാജരായിട്ടുണ്ട്.

(സി) 8 ഹവീൽദാർമാരുടേയും 54 പോലീസ് കോൺസ്റ്റബിൾമാരുടേയും ഒഴിവുകളുണ്ട്. ഒരു ട്രെയിനിംഗ് ബാച്ച് നടത്താൻ ആവശ്യമായ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പോലീസ് കോൺസ്റ്റബിളിന്റെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഹവിൽദാർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കെ.എ.പി. 5-ാം ബറ്റാലിയൻ ആസ്ഥാന മന്ദിരം വൈക്കത്തേക്ക് മാറ്റാൻ നടപടി

78 (4513) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആംഡ് പോലീസ് 5-ാം ബറ്റാലിയന്റെ ആസ്ഥാനമന്ദിരം വൈക്കത്തേക്ക് മാറ്റുന്നതിനുള്ള സ്ഥലപരിശോധന നടക്കുകയും തലയാഴം ഗ്രാമ പഞ്ചായത്തിലെ 'തോടകം' എന്ന സ്ഥലത്ത് അനുയോജ്യമായ 50 ഏക്കർ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടും തുടർനടപടികൾ കൈക്കൊണ്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly